Vol.XIV, 2022
ISSN: 2249 - 7862 (Print):2455-877X(online)

# അഭയദേവ് ഗാനങ്ങളിലെ ക്രൈസ്തവദർശനം

ഷോബിൻ എൻ. എസ്.*

## ആമുഖം

തത്വചിന്ത അഥവാ ദർശനം വെറുമൊരു ബുദ്ധിവ്യായാമത്തിലൊതുങ്ങി നിൽക്കുന്നവയല്ല. ജീവിതദുരിതങ്ങളെ ദൂരീകരിച്ചുകൊണ്ട് എങ്ങനെ മനുഷ്യജീവിതം നയിക്കണമെന്നുള്ള പ്രായോഗികതയിലൂടെ വികസിച്ചുവന്ന ചിന്താധാരയാണത്. ശരിയായ അറിവു നേടുന്നതിലൂടെ സമൂഹത്തെ നശിപ്പിക്കുന്ന അന്ധതയാകുന്ന ദുർവ്യവസ്ഥിതികളെ ഇല്ലാതാക്കുകയാണ് ദർശനങ്ങളുടെ ഉദ്ദേശ്യം. ആസ്തികം, നാസ്തികം, ക്രൈസ്തവം, ഇസ്ലാമികം, മാർക്സിസം തുടങ്ങിയ വിവിധ ദർശനധാരകൾ മലയാള സിനിമാഗാന സാഹിത്യത്തിൽ വ്യാപരിക്കപ്പെട്ടിട്ടുള്ളതായി കാണാം. അതിൽത്തന്നെ, ക്രൈസ്തവദർശനതത്വങ്ങൾ പ്രതിഫലിക്കുന്ന നിരവധി ഗാനങ്ങൾ ആദ്യകാലം മുതലേ മലയാള സിനിമയിൽ പിറവിയെടുത്തിട്ടുണ്ട്. മലയാളചലച്ചിത്രങ്ങളിലെ, അത്തരത്തിലുള്ള ക്രീസ്തീയഭക്തിഗാനങ്ങളുടെ അടിസ്ഥാനം ക്രൈസ്തവദർശനമാണ്.

## ക്രൈസ്തവദർശനം

ക്രിസ്തുവിനെ കേന്ദ്രീകരിച്ചുള്ള ആശയങ്ങളും പ്രയോഗങ്ങളുമാണ് ക്രൈസ്തവദർശനം എന്നറിയപ്പെടുന്നത്. ക്രിസ്തുസന്ദേശങ്ങളും ബൈബിൾ വാക്യങ്ങളും അടിസ്ഥാനമാക്കിക്കൊണ്ട്, ക്രൈസ്തവ പാരമ്പര്യത്തിന്റെയും ക്രൈസ്തവമൂല്യങ്ങളുടെയും പ്രാധാന്യം വിശദമാക്കുന്ന സമഗ്രജീവിതദർശനമാണിത്. ബുദ്ധി, ഇച്ഛ, സ്മരണ എന്നീ മൂന്നു ശക്തി കളുള്ള മനുഷ്യൻ ദൈവത്തിന്റെ പ്രതിഫലനമാണെന്നും ദൈവത്തിൽ ആരംഭിക്കുകയും ദൈവത്തിൽ ചെന്ന് ലയിക്കുകയും ചെയ്യത്തക്കവിധമാണ് ദൈവം സർവ്വചരാചരങ്ങളെയും സൃഷ്ടിച്ചിരിക്കുന്നതെന്നതിനാൽ പ്രപഞ്ചത്തിലെ എല്ലാ ചരാചരങ്ങളുടെയും ആദിയും അന്ത്യവും ദൈവമാണെന്ന് ക്രൈസ്തവദാർശനികർ സമർത്ഥിക്കുന്നു. മരണാനന്തരം ദൈവത്തെ പ്രാപിക്കുന്നതോടെ മനുഷ്യജന്മം സഫലമാകുമെന്ന് വിശ്വസിക്കുന്ന ക്രൈസ്തവദാർശനികർ പ്രപഞ്ചത്തെ സ്വപ്നമായോ മായയായോ കാണുന്നില്ല. ശരിയായ യുക്തിവിചാരമാണ് മനുഷ്യനെ മുന്നോട്ട് നയിക്കുന്നതെന്ന് ക്രൈസ്തവ ദാർശനികർ അഭിപ്രായപ്പെടുന്നു.

സാമൂഹ്യജീവിയായ മനുഷ്യൻ തന്റെ അവകാശങ്ങളും കർത്തവ്യങ്ങളും പാലിച്ചുകൊണ്ട് പരസ്പരസഹവർത്തിത്വത്തിലൂടെ ശ്രേയസ്സ് കൈവരിക്കുകയും ഇന്ദ്രിയങ്ങളുടെ സഹായത്തോടെ ദൃശ്യപ്രപഞ്ചത്തെ നിരീക്ഷിച്ച് ദൈവത്തെ മനസ്സിലാക്കുകയും അപ്രകാരം ദൈവത്തിന്റെ സൃഷ്ടി എന്ന സ്ഥാനത്തുനിന്നും സ്രഷ്ടാവിലേക്കുയരുവാൻ കഴിയുമെന്നും ക്രൈസ്തവദാർശനികർ പ്രസ്താവിക്കുന്നു.

* School of Letters, M. G. University, Kottayam

## ക്രൈസ്തവദർശനവും സിനിമാഗാനങ്ങളും

ക്രിസ്തുവിന്റെ ജീവിതയാനം മാതൃകയാക്കി ജീവിക്കുന്നതിലൂടെ ദുഃഖദുരിതങ്ങളിൽ നിന്നും മോചിതരാകുവാൻ കഴിയുമെന്നുള്ള ക്രൈസ്തവദാർശനിക വിശ്വാസമാണ് മലയാളസിനിമാഗാനങ്ങളിലെ ക്രിസ്തീയഗാനങ്ങളിൽ ഉൾച്ചേർന്നിട്ടുള്ളത്. അത്തരത്തിൽ, കവിത്വഭംഗിയാർന്ന ക്രിസ്തീയ ഭക്തിഗാനങ്ങളിലൂടെ ക്രൈസ്തവ ദാർശനികാശയങ്ങൾ ജനമനസ്സുകളിലേക്കെത്തിച്ച സാഹിതീസേവകനാണ് അഭയദേവ്.

മറ്റു കലാസാഹിത്യരൂപങ്ങളിൽ നിന്നു വ്യതിരിക്തമായി, സംഗീതം എന്ന കലയും, ഗാനരചന എന്ന സാഹിത്യവും ഒന്നു ചേർന്ന് സൃഷ്ടിക്കപ്പെടുന്ന കലാസാഹിത്യരൂപമാണ് സിനിമാഗാനങ്ങൾ. ദാർശനികതത്വങ്ങളെ കവിത്വഭംഗിയോടെ, അർത്ഥപൂർണ്ണമായി ഇഴചേർത്ത് രൂപപ്പെടുത്തുന്ന വരികൾ, യുക്തമായ സംഗീതത്തോടുകൂടി ചിട്ടപ്പെട്ടുവരുമ്പോൾ അത് വെറും കേൾവിയാസ്വാദനം എന്നതിനപ്പുറം ഒരു ചിന്താപ്രപഞ്ചം കൂടി ആസ്വാദകമനസ്സുകളിൽ സൃഷ്ടിക്കുന്നു.

## കാവ്യോപാസകനായ ക്രൈസ്തവദാർശനികൻ

ബ്രിട്ടീഷ് ഭരണത്തിന്റെയും തദ്ദേശീയ മേലാളന്മാരുടെയും ചൂഷണം, ജാതി വേർതിരിവുകൾ, സാമൂഹിക അനാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ, സാമ്പത്തിക ഉച്ചനീചത്വങ്ങൾ തുടങ്ങിയ ദുർവ്യവസ്ഥിതികൾ ജീർണ്ണിപ്പിച്ചുകൊണ്ടിരുന്ന കേരളീയ സമൂഹത്തെ ഉയർത്തെഴുന്നേൽപ്പിച്ച്, ഈ വ്യവസ്ഥിതികൾക്കെതിരെ പോരാടുവാൻ അക്കാലത്തെ നാടകങ്ങളും സിനിമകളും നിർണ്ണായക പങ്കു വഹിച്ചു. അന്നത്തെ ഭൂരിഭാഗം സിനിമകളും ഇതിവൃത്തമാക്കിയിരുന്നത് മേൽപ്പറഞ്ഞ വ്യവസ്ഥിതികൾകൊണ്ട് സമൂഹത്തിനും വ്യക്തികൾക്കും നേരിടേണ്ടി വന്നിട്ടുള്ള പ്രശ്നങ്ങളാണ്. സിനിമകളിൽ പാട്ടെഴുതുമ്പോഴുള്ള സാങ്കേതികപരിമിതികളെ മറികടന്നുകൊണ്ട് സവിശേഷമായ നിർവ്വഹണസാമർത്ഥ്യത്തോടെ ഗാനരചന നിർവ്വഹിച്ച ആദ്യപാദ പ്രമുഖ ഗാനരചയിതാവായ അഭയദേവാണ് മലയാള സിനിമാഗാനശാഖയെ ക്രിയാത്മകമാക്കിത്തീർത്തത്.

അയ്യപ്പൻപിള്ള എന്ന യഥാർത്ഥ നാമമുള്ള അഭയദേവ് ഒരു സാഹിതീസേവകൻ മാത്രമായിരുന്നില്ല, തികഞ്ഞ പൊതുപ്രവർത്തകൻ കൂടിയായിരുന്നു. ഗാന്ധിജിയുടെ സമരാഹ്വാനങ്ങളിൽ ആകൃഷ്ടനായി ഗാന്ധി പ്രചാരകനാകുകയും ഇന്ത്യ മുഴുവൻ പ്രവർത്തിക്കുകയും ചെയ്ത അനുഭവങ്ങൾ ആയിരിക്കാം അദ്ദേഹത്തിലെ ദാർശനികനെ രൂപപ്പെടുത്തിയത്. യേശുക്രിസ്തുവിന്റെ ജീവിതസന്ദേശങ്ങളോട് തികഞ്ഞ സ്നേഹാദരവുണ്ടായിരുന്ന ഗാന്ധിജിയോടുള്ള ആകർഷണവും പ്രചോദനവുമാണ് പിൽക്കാലത്ത് അഭയദേവിന്റെ ഗാനരചനയ്ക്ക് ക്രൈസ്തവദർശന സ്വാധീനതയ്ക്കുള്ള തുറവിയായത് എന്നു പറയാം.

'''സ്നേഹസീമ' (1954) എന്ന ചിത്രത്തിലെ

''അദ്ധ്വാനിക്കുന്നവർക്കും
ഭാരം ചുമക്കുന്നോർക്കും
അത്താണിയായുള്ളോനെ
കർത്താവേ യേശുനാഥാ
ആശ്രയം നേടിയെന്നും
ശാശ്വത രക്ഷകൊള്ളാൻ
ഭവ്യസങ്കേതം നിന്റെ
ദിവ്യമാം സ്നേഹമല്ലോ...''

എന്ന ഗാനത്തിൽ പ്രപഞ്ചത്തിലെ എല്ലാ ചരാചരങ്ങളുടെയും ആദിയും അന്ത്യവും ദൈവമാണെന്നുള്ള ക്രൈസ്തവദാർശനികതത്വത്തെ അടിസ്ഥാനപ്പെടുത്തിയുള്ള വരികളാണ് അഭയദേവ് രചിച്ചിരിക്കുന്നത്. കഷ്ടപ്പെടുന്ന ജനതയുടെ ശാശ്വതമായ അഭയശിലയാണ് ദൈവം എന്ന താത്വികതലത്തിലൂടെ അനുപല്ലവി രചിച്ചിരിക്കുന്നു. ഈ ചിത്രത്തിലെ തന്നെ മറ്റൊരു ഗാനമാണ്;

''കനിവോലും കമനീയഹൃദയം - യേശു
മിശിഹാതൻ തിരുവുള്ളം - അതുപോലെ വേറുണ്ടോ?

എന്നു തുടങ്ങുന്നത്. സ്നേഹം, ദയ, കരുണ തുടങ്ങിയ മാനുഷികമൂല്യങ്ങളാൽ അലംകൃതമായ യേശുക്രിസ്തുവിനെ ഈ രണ്ടുവരികളിലൂടെ അഭയദേവ് ലോകത്തിന് മുന്നിൽ അവതരിപ്പിച്ചിരിക്കുന്നതു തന്നെ എത്ര രചനാവൈഭവത്തോടെയാണ്!

''ചുടുചോര ചോരുമ്പോഴും - വേദനയാൽ
തിരുനെഞ്ചം നീറുമ്പോഴും
അപരാധം ചെയ്തവനിൽ പ്രേമാർദ്രനായ്

മാപ്പരുളാനായ് തിരുവായാൽ മൊഴിയുന്നല്ലോ

കാൽവരിയുടെ ഉയരങ്ങളിൽ കുരിശിൽ തറക്കപ്പെട്ട്, വേദനയാൽ പുളയുമ്പോഴും; തന്നെ ക്രൂശിക്കുന്നവർക്ക്, അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല, അതിനാൽ അവരോടു പൊറുക്കേണമേ എന്ന് പ്രാർത്ഥിക്കുന്ന യേശുക്രിസ്തു ലോകത്തിനു നൽകുന്ന സന്ദേശം വരികളാക്കിയ അഭയദേവിലെ സർഗ്ഗവൈഭവത്തെ ക്രൈസ്തവദർശനം സ്വാധീനിച്ചിട്ടുണ്ടെന്നതിൽ തർക്കമില്ല.

''പാപത്തിനാൽ ഭൂമി വിറകൊള്ളവെ
അവതാരം ചെയ്തു ദൈവസുതനായി നീ
സേവനമേ - മഹിതമാം - ലോക
ജീവിതമെന്നരുളി പതിതരിൽ

കനിവിൻ മധുമാരി തൂകി
അഴലേ സുഖമായ് കരുതി
ലോകത്തിൻ പാപമേന്തി നിൽപ്പൂ നീ നാഥാ...''

ഈ വരികളിൽ ത്യാഗം ചെയ്യുന്നതിലൂടെയാണ് പാപപരിഹാരം സാധ്യമാകുന്നത് എന്നും, ലോകത്തിന്റെ പാപം മുഴുവൻ തന്റെ ജീവത്യാഗത്തിലൂടെ ഇല്ലാതാകുവാനാണ് കുരിശു മരണം ഏറ്റുവാങ്ങുന്നതെന്നുമുള്ള വിശ്വാസമാണ് പ്രതിഫലിക്കുന്നത്. അന്യരുടെ പാപം സ്വയം ഏറ്റുവാങ്ങുന്ന യേശുക്രിസ്തുവിന്റെ ഹൃദയവിശാലത നൽകുന്ന ജീവിതദർശനം ലോകത്തിന് മാതൃകയാണ് എന്നതുകൊണ്ടുതന്നെ, ഈ ജീവിതദർശനം ആസ്വാദക മനസ്സുകളിലേക്കെത്തിക്കുവാൻ അഭയദേവിന് തന്റെ വരികളിലൂടെ കഴിഞ്ഞിട്ടുണ്ട്.

'കടമറ്റത്തച്ചൻ' എന്ന ചിത്രത്തിലെ,

''എണ്ണിയാൽ തീരാത്ത പാപം ഒരുതുള്ളി
കണ്ണീരു കണ്ടാൽ പൊറുക്കുന്നോനെ...''

എന്നു തുടങ്ങുന്ന ഗാനത്തിലും ക്രിസ്തുവിന്റെ അപദാനങ്ങൾ ആണ് അദ്ദേഹം വരികളാക്കി മാറ്റിയിരിക്കുന്നത്.

''പച്ചവെള്ളത്തിനെ വീഞ്ഞാക്കിയ നിന്റെ
തൃച്ചേവടികളെ ആശ്രയിച്ചാൽ
അല്ലലുണ്ടോ പിന്നെയാർക്കാനുമാനന്ദ -

മല്ലാതെ ലോകത്തിൻ രക്ഷകനെ...''

എന്ന വരികളിലൂടെ യേശുക്രിസ്തുവിന്റെ അത്ഭുതപ്രവർത്തിയെ പ്രകീർത്തിക്കുകയും, ഇത്തരത്തിൽ അത്ഭുതങ്ങൾ സൃഷ്ടിക്കുന്ന യേശുക്രിസ്തുവാണ് ഈ ലോകത്തിന്റെ രക്ഷകനെന്നും സമർത്ഥിക്കുകയാണ് അഭയദേവ്. ഈ ചിത്രത്തിലെ തന്നെ;

''മുൾമുടി ചൂടി കുരിശിൽ തൂങ്ങി
പാരിനെക്കാത്തവനെ - പിതാവേ
ആത്മാഹുതിതൻ പൊൻതിരിയായെൻ

പ്രാണൻ തെളിയണമേ... പിതാവേ!...

എന്ന ഗാനത്തിലും ക്രിസ്തുവിന്റെ ജീവിതദർശനങ്ങളാണ് അഭയദേവ് ഗാനസാഹിത്യത്തിലൂടെ വർണ്ണിച്ചിരിക്കുന്നത്. കുരിശിൽ ക്രൂശിക്കപ്പെട്ട് സ്വയം എരിഞ്ഞ് വീണ്ടും ലോകത്തിനു തന്നെ വിളക്കായി തെളിഞ്ഞ ക്രിസ്തുവിന്റെ ജീവിതമാർഗ്ഗം തന്നെയാകണം മനുഷ്യർ പിന്തുടരേണ്ടത് എന്ന് ലോകത്തോട് വിളിച്ചു പറയുകയാണ് അഭയദേവ്.

'വേലുത്തമ്പി ദളവ'യിലെ (1962),

‘‘ആകാശത്തിരിയ്ക്കും ബാവയെ നിൻനാമം
പരിശുദ്ധമാക്കപ്പെടേണമേ
നിൻരാജ്യം വരേണം ആകാശത്തിലെപ്പോലെ
ഭൂമീലും ആകേണമേ...’’

എന്നു തുടങ്ങുന്ന ക്രിസ്തീയഭക്തിഗാനവും ക്രൈസ്തവദാർശനികതത്വങ്ങളെ ഉൾക്കൊണ്ടെഴുതിയതാണ്. ‘‘സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗ ത്തിലെപ്പോലെ ഭൂമിയിലും ആകേണമേ...’’ എന്ന പുതിയ നിയമത്തിലെ വാക്യങ്ങളുടെ സ്വാധീനതയാലാണ് ഈ ഗാനത്തിലെ പല്ലവി അഭയദേവ് രചിച്ചിരിക്കുന്നത്. ആകാശ ത്തിരിയ്ക്കും ബാവയെ എന്നാൽ സ്വർഗ്ഗസ്ഥനായ പിതാവേ എന്നു തന്നെയാണ്. ആകാശത്തിലെപ്പോലെ ഭൂമിയിലും ആകേണമേ എന്നാൽ സ്വർഗ്ഗത്തിലെപ്പോലെ ഭൂമി യിലും ആകേണമേ എന്നുമാണ്. ബൈബിൾ വചനത്തെ സിനിമയുടെ പശ്ചാത്തല ത്തിനും സന്ദർഭത്തിനും കഥാപാത്രവികാരത്തിനും അനുസൃതമായി ലളിതകോ മളപദാവലികൾകൊണ്ട് അഭയദേവ് ഗാനസാഹിത്യരൂപത്തിലാക്കി മാറ്റി.

‘‘നിൻ തിരുവുള്ളം നടക്കേണമേ
നിൻ സ്നേഹം ഞങ്ങളിൽ തൂവേണമേ
നിന്നെ മറക്കാതെ വഴിതെറ്റിപ്പോകാതെ
നേർവഴിക്കെന്നും നടത്തേണമേ...’’

എന്ന അനുപല്ലവിയിൽ, ദൈവത്തിന്റെ ഇഷ്ടം ഭൂമിയിൽ നടക്കേണമെന്നും ദൈവ സ്നേഹം മനുഷ്യനിലേക്ക് പകർന്ന് മനുഷ്യരെ വഴിതെറ്റാതെ രക്ഷിക്കേണമേ എന്നു മുള്ള പ്രാർത്ഥനയിലൂടെ സർവ്വചരാചരങ്ങൾക്കും ആലംബമാണ് ദൈവമെന്നും ദൈവത്തെ സ്തുതിക്കുന്നവന് ജീവിതദുരിതങ്ങളിൽ നിന്നും മോചനം ലഭിക്കുമെന്നു മുള്ള സന്ദേശം ആസ്വാദകമനസ്സുകളിലേക്ക് സന്നിവേശിപ്പിക്കുന്നു.

‘‘പാവനമാം തന്റെ രക്തം കൊണ്ട്
പാരിന്റെ പാപം കഴുകിയോനെ
പാലിച്ചുകൊള്ളേണം ഞങ്ങളെ നീയെന്നും
പാദം പണിയുന്നു തമ്പുരാനേ....’’

എന്ന പ്രാസഭംഗിയുള്ള വരികളിലൂടെ അഭയദേവ് വീണ്ടും യേശുവിന്റെ ത്യാഗ ത്തെയും സ്നേഹത്തെയും സമൂഹത്തിലേക്ക് പകർന്നു കൊടുക്കുകയാണ്.

ഇത്തരത്തിൽ യേശുക്രിസ്തുവിന്റെ അപദാനങ്ങൾ വാഴ്ത്തിയും യേശുവിന്റെ പുണ്യപ്രവൃത്തികൾ പ്രകീർത്തിച്ചുമുള്ള നിരവധിഗാനങ്ങൾ അഭയദേവിന്റെ തൂലിക യിൽനിന്നും പിറവിയെടുത്തിട്ടുണ്ട്. മലയാള സിനിമാഗാനങ്ങളുടെ വളർച്ചയുടെ പ്രാരം ഭഘട്ടത്തിലാണ് ഇത്രയും കാവ്യഭംഗിയാർന്ന, അർത്ഥഗഹനതയുള്ള ക്രിസ്തുവിന്റെ

സന്ദേശങ്ങൾ ഉൾച്ചേർന്ന വരികൾ അഭയദേവ് സൃഷ്ടിച്ചത്. ക്രിസ്തുവും ഗാന്ധിജിയും പിന്നീട് അഭയദേവും ലക്ഷ്യമാക്കിയത് സമൂഹനന്മയാണ്.

## ഉപസംഹാരം

മലയാള ചലച്ചിത്രഗാനങ്ങളുടെ ആരംഭം മുതൽ നിരവധി ക്രിസ്ത്രീയ ഭക്തി ഗാനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കവിതയും ദർശനവും ഇഴചേർന്ന ക്രിസ്തീയ ഭക്തി ഗാനങ്ങൾ രചിച്ച ആദ്യപാദ പ്രമുഖ ഗാനരചയിതാവാണ് അഭയദേവ്. സമൂഹനന്മ യ്ക്കുവേണ്ടി ഗാന്ധി പ്രചാരകനായും മറ്റും പ്രവർത്തിച്ച അഭയദേവ് ക്രൈസ്തവദർശ നത്തിന്റെ അന്തരാത്മാവിലൂടെ സഞ്ചരിച്ചാണ് ക്രൈസ്തവരും അക്രൈസ്തവരുമായ കേൾവിയാസ്വാദകർ ഹൃദയേ സ്വീകരിച്ച ആ ഗാനങ്ങളത്രയും രചിച്ചിരിക്കുന്നത്. അതുകൊണ്ട്, അദ്ദേഹത്തിന്റെ ഗാനസാഹിത്യത്തിൽ ക്രൈസ്തവദർശനസ്വാധീനത അന്തർലയിച്ചിട്ടുള്ള വരികൾ കടന്നുവന്നിട്ടുള്ളത് സ്വാഭാവികം മാത്രമാണ്.

## സഹായകഗ്രന്ഥങ്ങൾ

1. ഡോ. കെ. എസ്. രാധാകൃഷ്ണൻ - ക്രിസ്തുദർശനം - കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരണം - തൃശ്ശൂർ - 2015.
2. സർവ്വവിജ്ഞാനകോശം വോള്യം 9 - കേരള സംസ്ഥാന സർവ്വവിജ്ഞാന കോശ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം - തിരുവനന്തപുരം 2012.
3. കെ. സി. വർഗീസ് - ക്രിസ്തുമതം ചരിത്രവും ദർശനവും - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം - തിരുവനന്തപുരം.
4. കിരൺ രവിന്ദ്രൻ - മലയാള സിനിമ പിന്നണിഗാനചരിത്രം - കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം - തിരുവനന്തപുരം - 2011.
5. അനിൽ കെ. നമ്പ്യാർ - ദേവപ്രഭ - കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം - തിരുവനന്തപുരം - 2018.
6. സാഹിത്യപ്രവർത്തക സഹകരണസംഘം - പാട്ടുകൾ അഭയദേവ് സാഹിത്യ പ്രവർത്തക സഹകരണസംഘം പ്രസിദ്ധികരണം-കോട്ടയം - 1993.
7. റ്റി. പി. ശാസ്തമംഗലം - ഗാനസ്മൃതി - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം - തിരുവനന്തപുരം - 2018.